സാമൂഹ്യ വനവൽക്കരണ പദ്ധതികൾ

25 (*625) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. റ്റി. എ. റഹീം
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി, വനം വകുപ്പ് നടത്തുന്ന നഴ്സറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വനം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി എത്ര വൃക്ഷത്തൈകൾ നഴ്സറികളിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട് ;

(സി) വൃക്ഷത്തൈകളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) നാഷണൽ ബാംബുമിഷനു കീഴിലുള്ള വിവിധ പദ്ധതികളിൽ നട്ടുപിടിപ്പിക്കുന്നതിനായി മുളംതൈകളുടെ ഒരു ടിഷ്യൂ കൾച്ചർ നേഴ്സറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) വനംവകുപ്പ് നടത്തുന്ന നഴ്സറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സെൻട്രൽ നഴ്സറികളിൽ ജൈവവളവും ജനിതകമായി മെച്ചപ്പെട്ട വിത്തുകളും മറ്റ് ആധുനിക ശാസ്ത്രീയ ടെക്നോളജിയും ഉപയോഗിച്ച് മെച്ചപ്പെട്ട തൈകൾ ഉണ്ടാക്കിവരുന്നു. കൂടാതെ മിസ്റ്റ് ചേമ്പർ, ക്ലോണൽ മൾട്ടിപ്ലിക്കേഷനുവേണ്ടിയുള്ള സ്ഥലങ്ങൾ, റൂട്ട് ട്രെയിനൽ ബ്ലോക്കുകൾ, തണൽ ഗൃഹങ്ങൾ (ഷേഡ് ഹൗസ്) തൈകളുടെ ഹാർജനിംഗ് സ്ഥലങ്ങൾ എന്നിവകളും മെച്ചപ്പെട്ട തൈകളുടെ ഉൽപ്പാദനത്തിനായി ഉപയോഗിക്കപ്പെടുന്നു. മേൽ പറഞ്ഞവയിൽനിന്നും നേടുന്ന പരിചയം വച്ച്കൊണ്ട് മറ്റ് നഴ്സറികളിലും വൻതോതിൽ ഗുണനിലവാരമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിന് സാദ്ധ്യമാകുന്നു.

(ബി) 2007-08 മുതൽ 2010 ജൂലൈ 15 വരെ വനം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി 148.97 ലക്ഷം വൃക്ഷത്തൈകൾ നഴ്സറികളിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചോദ്യം (എ) യിൽ വിശദീകരിച്ച മാതിരി തൈകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ എടുത്തു കഴിഞ്ഞു. കൂടാതെ ആധുനിക ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തൈകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നാഷണൽ ബാംബൂമിഷനു കീഴിൽ വിവിധ പദ്ധതികളിൽ നട്ടുപിടിപ്പിക്കുന്നതിനായി മുളംതൈകളുടെ ടിഷ്യൂ കൾച്ചർ നേഴ്സറി സ്ഥാപിക്കുന്നതിന് വനം വകുപ്പിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ഗ്രാമീണ റോഡുകൾ

26 (*626) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് വകുപ്പ് വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതും പിന്നീട് ആരുടെയും ചുമതലയിൽ വരാത്തതുമായ റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കിലോമീറ്റർ റോഡ് പി.ഡബ്ല്യു.ഡി ഏറ്റെടുത്തിട്ടുണ്ട് ;

(ഡി) യാത്രാ സൗകര്യം മെച്ചപ്പടുത്തുന്നതും പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്നതുമായ റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച മാനദണ്ഡം 22-1-1971-ലെ സ.ഉ(എംഎസ്.) 18/71/പൊ.മ.വ., 10-8-1971-ലെ സ.ഉ.(എംഎസ്.) 320/71/പൊ.മ.വ എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ കൈവശമല്ലാത്തതും ഉടമസ്ഥാവകാശ തർക്കംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനപ്രവർത്തനം നടത്താൻ കഴിയാതെ വന്നതുമായ പൊതു പ്രാധാന്യമുള്ള 7385 കി.മീ. റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി 5-4-2010-ലെ SRO No.348/10 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് റിവ്യൂ ചെയ്തു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly